"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ കിഴക്കേ കല്ലട ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ഫുൾ ടൈം സ്വീപ്പർ ശ്രീ.മിനുകുമാർ. എസ്-ന്റെ ചികിത്സയ്ക്ക് കൊല്ലം ട്രാവൻകൂർ മെഡിസിറ്റി ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2059/2023/LSGD തീയതി,തിരുവനന്തപുരം, 20-10-2023

പരാമർശം:-
1. 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. 22.04.2013-ലെ G.O.(P) No.144/2013/H&FWD നമ്പർ ഉത്തരവ്
3. ശ്രീ.മിനുകുമാർ എസ് ന്റെ 03.06.2021-ലെ അപേക്ഷയും ബില്ലുകളും.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 11.05.2023- ലെ LSGD/PD/ 6732/2023-DEG1 നമ്പർ കത്ത്.
5. കല്ലട ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 28.05.2021ലെ 6/1 നമ്പർ തീരുമാനം.
6. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 01.04.2023-ലെ (എൽ.ഡിസ്) എം.ആർ 6-22023/2022/ ആ.വ.ഡ നം. കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ കിഴക്കേ കല്ലട ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ഫുൾ ടൈം സ്വീപ്പർ ശ്രീ.മിനുകുമാർ എസ്-ന്റെ ചികിത്സയ്ക്ക് കൊല്ലം ട്രാവൻകൂർ മെഡിസിറ്റി ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു

ചികിൽസായിനത്തിൽ അപേക്ഷകന് ചെലവായ ആകെ തുകയിൽ 78,595/- രൂപ മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്ന് പരാമർശം (6) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം ( 5 ) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ കിഴക്കേ കല്ലട ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ഫുൾ ടൈം സ്വീപ്പർ ശ്രീ.മിനുകുമാർ. എസ്-ന്റെ ചികിത്സയ്ക്ക് കൊല്ലം ട്രാവൻകൂർ മെഡിസിറ്റി ആശുപത്രിയിൽ 06.04.2021 മുതൽ 10.04.2021 വരെ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിരുന്ന തുകയായ 78,595/- രൂപയുടെ 80% ആയ 62,876/- രൂപ (അറുപത്തി രണ്ടായിരത്തി എണ്ണൂറ്റി എഴുപത്തി ആറ് രൂപ

മാത്രം) നിലവിലെ KGSMA ചട്ടം 1960-ലെ വ്യവസ്ഥകൾക്കും പ്രസ്തുത ചികിത്സയ്ക്ക് ടിയാൾ സമർപ്പിച്ച മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന നിബന്ധനയ്ക്കും വിധേയമായി കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.

സെക്രട്ടറി, കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല.

ശ്രീ.മിനുകുമാർ എസ്, ഫുൾ ടൈം സ്വീപ്പർ , കിഴക്കേ കല്ലട ഗ്രാമ പഞ്ചായത്ത്, കൊല്ലം ജില്ല.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (No.356/EPA3/2023/LSGD).

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 25-10-2023 11:24:57
സെക്ഷൻ ഓഫീസർ